**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2151** **30-07-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് GO (Ms)57/2021/RD തീയതി 12.02.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | തിരുവിതാംകൂർ കൊച്ചി ദേവസ്വങ്ങളിലേതിന് തത്തുല്യമായ വേതനം മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിൽ നിന്നും വിഭിന്നമായ ഭരണസംവിധാനമാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾക്കുള്ളത്. ഓരോ ക്ഷേത്രത്തിന്റേയും വരുമാന ത്തിനനുസരിച്ച് ക്ഷേത്രങ്ങളെ ഗ്രേഡുകളാക്കി തിരിച്ചാണ് ജീവനക്കാരുടെ ശമ്പള സ്കെയിൽ നിർണ്ണയിച്ചിട്ടുള്ളത്. താഴ്ന്ന ഗ്രേഡു മുതൽ ഉയർന്ന ഗ്രേഡു വരെയുള്ള ജീവനക്കാർക്ക് മെച്ചപ്പെട്ട ശമ്പള വർദ്ധനവ് ഉറപ്പ് വരുത്തിയാണ് ശമ്പള പരിഷ്കരണ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | മലബാർ ദേവസ്വം ബോർഡ് ശമ്പളപരിഷ്കരണം സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന് നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ; | (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് GO (Ms)57/2021/RD തീയതി 12.02.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | ശമ്പളം പരിഷ്കരിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ; | (ഡി) | ക്ഷേത്രജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, പുതിയ ശമ്പളം നിർണയിക്കുന്നതിന് ആധാരമാക്കേണ്ട ഫിക്സേഷൻ ചട്ടങ്ങൾ, ക്ഷാമബത്ത ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ബോർഡു കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഇ) | കോവിഡ് മഹാമാരി മൂലം സാമ്പത്തിക പ്രയാസം കാരണം നിരവധി ക്ഷേത്രങ്ങളിൽ നിത്യനിദാന ചെലവുകൾ നടത്താൻ സാധിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഇ) | കോവിഡ് - 19 മഹാമാരിയെ തുടർന്ന്, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളെല്ലാം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. വരുമാനം കുറഞ്ഞ നിത്യനിദാനച്ചിലവുകൾക്ക് ബുദ്ധിമുട്ടുന്ന ക്ഷേത്രങ്ങളിൽ ആയതിന് മാത്രമായി, ഒരു ക്ഷേത്രത്തിന് 10,000/- രൂപ വീതം ആകെ 77,80,000/- രൂപ മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. പ്രസ്തുത ധനസഹായം ബോർഡിന് കീഴിലുള്ള 559 ക്ഷേത്രങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. |
| (എഫ്) | സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന ക്ഷേത്രങ്ങൾക്ക് ഗുരുവായൂർ ദേവസ്വം ബോർഡ് നൽകുന്നതു പോലെ പതിനായിരം രൂപ ധനസഹായം പ്രയാസമനുഭവിക്കുന്ന മറ്റു ക്ഷേത്രങ്ങൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | കോവിഡ് - 19 മഹാമാരിയെ തുടർന്ന്, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളെല്ലാം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. വരുമാനം കുറഞ്ഞ നിത്യനിദാനച്ചിലവുകൾക്ക് ബുദ്ധിമുട്ടുന്ന ക്ഷേത്രങ്ങളിൽ ആയതിന് മാത്രമായി, ഒരു ക്ഷേത്രത്തിന് 10,000/- രൂപ വീതം ആകെ 77,80,000/- രൂപ മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. പ്രസ്തുത ധനസഹായം ബോർഡിന് കീഴിലുള്ള 559 ക്ഷേത്രങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ